LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

193 (5598) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) 2010 ജൂൺ 30വരെ കാലയളവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) മാരാണ് ശൂന്യവേതന അവധി എടുത്തിട്ടുള്ളത് ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി യിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ വിവിധ കാറ്റഗറികളിലായി 248 ഒഴിവുകളുണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ആകെ 122 പേർ ശൂന്യവേതനാവധി എടുത്തിട്ടുണ്ട്. ഇതിൽ പി.എസ്.സി. കാറ്റഗറി പ്രകാരം നിയമനമുള്ളവരിൽ 88 പേരാണ് അവധി എടുത്തിട്ടുള്ളത്. അതിൽ 6 മാസത്തിൽ കൂടുതൽ അവധി എടുത്തിട്ടുള്ളത് 60 പേരാണ്. ടി ഒഴിവുകളിൽ 40 എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 20 ഒഴിവുകളും കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) നിലവിൽ തിട്ടപ്പെടുത്തിയിട്ടുള്ള ഒഴിവുകളിൽ പി.എസ്.സി. മുഖേന നികത്തേണ്ടവ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടി സ്വീകരിച്ചു വരുന്നു. പ്രമോഷൻ മുഖേന നികത്തേണ്ട ഒഴിവുകളും നികത്തി വരുന്നു.

കാർഷിക മേഖലയിലെ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടി

194 (5600) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലനിന്നിരുന്ന കാർഷിക മേഖലയിലെ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന നെല്ലുൽപ്പാദനത്തിന്റെ കണക്ക്, ജില്ല തിരിച്ച് ലഭ്യമാക്കുമോ ; 2006-ന് ശേഷം നെൽകൃഷിയിൽ വന്ന ഉല്പാദനവർദ്ധനവ് ജില്ലയും വർഷവും തിരിച്ച് ലഭ്യമാക്കുമോ ;

(സി) വയനാട് ജില്ലയിൽ കിസാൻ അഭിമാൻ പദ്ധതി, കിസാൻ ശ്രീ പദ്ധതി എന്നിവ വഴി പെൻഷനും പരിരക്ഷയും ലഭിക്കുന്നവരുടെ മണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാർഷിക മേഖലയിൽ നിലനിന്നിരുന്ന പ്രധാന പ്രതിസന്ധി കർഷക ആത്മഹത്യ ആയിരുന്നു. പ്രധാനമായും വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലാണ് പ്രതിസന്ധി നിലനിന്നിരുന്നത്. ഈ ജില്ലകളെ പ്രശ്നബാധിത ജില്ലകളായി പ്രഖ്യാപിക്കുകയും, ആ ജില്ലകളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി കർഷക ആത്മഹത്യകൾ ശൂന്യാവസ്ഥയിലേക്കെത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 641575 ടണ്ണായിരുന്നു. (2006–2007 വർഷം). 2007–2008–ൽ 528488 ടൺ, 2008–09–ൽ 590241 ടൺ എന്നീ ക്രമത്തിലായിരുന്നു. 2009– 2010–ലെ താൽക്കാലിക കണക്കുകൾ പ്രകാരം 625157 ടണ്ണാണ്. ജില്ല തിരിച്ച് വർഷം തോറുമുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.†

(സി) കിസ്സാൻ അഭിമാൻ അംഗത്വം നൽകിയവർ

സുൽത്താൻ ബത്തേരി മണ്ഡലം –138

കൽപ്പറ്റ	136
മാനന്തവാടി	227
ആകെ	501

ഇതിൽ പെൻഷൻ നൽകുന്നവരുടെ കണക്ക്

സുൽത്താൻ ബത്തേരി	138
കൽപ്പറ്റ	132
മാനന്തവാടി	225
ആകെ	495

6 പേർ മരണപ്പെട്ടതിനാൽ പെൻഷൻ നൽകുന്നത് നിർത്തിവെച്ചു.

കിസ്സാൻ ശ്രീ ഇൻഷ്വർ ചെയ്തവർ

സുൽത്താൻ ബത്തേരി	3987
കൽപ്പറ്റ	4848
മാനന്തവാടി	4246
ആകെ	13081

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly